കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 08 | 2023 |
|---|---|---|



ശബരിമല പത്രക്കുറിപ്പ് - 4

ഫോൺ : 04735 - 202664
www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

# ആനന്ദലഹരിയായി പ്രശാന്ത് വർമ്മയുടെ ഭജൻ

തത്വമസി പൊരുളിന്റെ സത്തതേടി അയ്യനെ ദർശിക്കാനെത്തിയ അയ്യപ്പസ്വാമിമാരെ ഭക്തിലഹരിയുടെ ആനന്ദത്തിലാറാടിച്ച് ഭജൻ ഗായകൻ പ്രശാന്ത് വർമ്മയുടെ മാനസജപലഹരി നാമസങ്കീർത്തന ഭജന. സന്നിധാനം നടപ്പന്തലിലെ മുഖ്യവേദിയിലാണ് ഭക്തിയും സംഗീതവും സമന്വയിച്ച ആലാപന വൈഭവംകൊ ് പ്രശാന്ത് വർമ്മ അയപ്പസ്വാമിമാരെ ആനന്ദലഹരിയുടെ മറുകരയെത്തിച്ചത്. സാമ്പ്രദായിക ഭജനയുടെ വിനിമയ ശേഷി വെളിപ്പെട്ട അനർഘ നിമിഷങ്ങൾ!

അയ്യനെ സ്തുതിക്കുന്ന അയ്യപ്പസ്വാമിയെന്ന ഭജനയോടായിരുന്നു ആലാപന തുടക്കം. തുടർന്ന് പമ്പാഗണപതി, ഗണപതിയേ തുടങ്ങിയ വിഘ്നേശ്വര സ്തുതികൾ ഭക്തരെ ഇളക്കി മറിച്ചു. മാളികപ്പുറത്തമ്മയെ സ്തുതിച്ചുള്ള മാളികപ്പുറത്തമ്മേ, രഞ്ജിനി മനോരഞ്ജിനി, അമ്മേ നാരായണ എന്നീ ദേവീസ്തുതികൾ ഇതര സം

സ്ഥാനക്കാരായ അയ്യപ്പഭക്തരെപ്പോലും ആനന്ദഭരിതരാക്കി. കാളി ഭദ്രകാളി, തുളസിക്കതിർ നുള്ളിയെടുത്ത്, ഗുരുവായൂർ അമ്പലം ശ്രീവൈകുണ്ഠം, സ്വാമിയല്ലാതൊരു ശരണമില്ല, ഏറ്റുമാനൂരപ്പെനെ, ശങ്കര മഹാദേവ തുടങ്ങിയ ജനപ്രിയ ഭക്തിഗീതങ്ങളും അദ്ദേഹം ആലപിച്ചു. കോഴിക്കോട് സ്വദേശിയായ പ്രശാന്ത് വർമ്മ ഏഴാം വയസ്സിലാണ് സംഗീതപഠനമാരംഭിച്ചത്. ഇന്ന് കേരളത്തിലെ അറിയിപ്പെടുന്ന പതിനേഴിലേറെ ഭജനസംഘങ്ങളിലെ മുഖ്യഗായകനാണ് അദ്ദേഹം. 14 ഭക്തി ആൽബങ്ങളും അദ്ദേഹത്തിന്റേതായു ്.

ഹാർമോണിയത്തിൽ പുരുഷോത്തമൻ, തബലയിൽ സുനിൽ, തവിലിൽ അമിത്, ഡോലക്കിൽ രതീഷ് എന്നിവർ അകമ്പടിയായി. രാജൻ, മണികണ്ഠൻ, അഭിലാഷ്, പ്രവീൺ, അനീഷ്, രവികുമാർ എന്നിവർ കോറസ് പാടി.

(പി.ആർ. ശബരി- 250)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.